Deshabhimani

31/12/2020.

# കേരളത്തിൽ ഇനി സൗരോർജാധിഷ്ഠിത വികസനം

**തിരുവനന്തപുരം**

സൗരോർജത്തിൽ അധിഷ്ഠിതമായ വികസനമാണ് സംസ്ഥാനത്ത് ഇനി നടക്കുകയെന്ന് മന്ത്രി എം എം മണി. ഊർജ സംരക്ഷണ അവാർഡ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ സംരക്ഷണത്തിനായി ഒരു കോടി എൽഇഡി ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഉപഭോഗം കുറച്ച് ഊർജസംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണ് ഇനി വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇഎംസി) 25–ാമത് വാർഷികത്തോടനുബന്ധിച്ചുള്ള ലോഗോയും മന്ത്രി പ്രകാശനം ചെയ്തു.



ശ്രീകാര്യം എനർജി മാനേജ്മെന്റ് സെന്ററിൽ നടന്ന ഊർജ സംരക്ഷണ പുരസ്കാര വിതരണ ചടങ്ങിൽ മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, എം എം മണി, മേയർ ആര്യ രാജേന്ദ്രൻ തുടങ്ങിയവർ

മന്ത്രി കടകംപള്ളി സുരേന്ദ്രൻ ചടങ്ങിൽ അധ്യക്ഷനായി. ഹൗസ്ബോട്ടുകളിലടക്കം ക്രിയാത്മകമായി സൗരോർജം ഉപയോഗിക്കുന്നതിന് പഠനം ആവശ്യമാണെന്നും അതിന് എനർജി മാനേജ്മെന്റ് സെന്ററിന്റെ സേവനം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. ഏഴ് വിഭാഗങ്ങളിലായാണ് മികച്ച ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള അവാർഡുകൾ നൽകിയത്. വൻകിട ഊർജ ഉപയോക്താക്കളുടെ വിഭാഗത്തിൽ ചവറ കെഎംഎംഎൽ, ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ എന്നിവർ ഒന്നാം സ്ഥാനം പങ്കിട്ടു.

ചടങ്ങിൽ തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. ചെറുവക്കൽ വാർഡ് കൗൺസിലർ എസ് ആർ ബിന്ദു, ഊർജ സെക്രട്ടറി ഡോ. ദിനേശ് അറോറ, ഇഎംസി ഡയറക്ടർ ആർ ഹരി കുമാർ, കെഎസ്ഇബി ചെയർമാൻ എൻ എസ് പിള്ള, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി സി അനിൽകുമാർ, അനെർട്ട് ഡയറക്ടർ അമിത് മീണ തുടങ്ങിയവർ പങ്കെടുത്തു.